നം:റ്റി. എക്സ്. 10/4315/09

സാങ്കേതിക വിദ്യാഭ്യാസ
പരീക്ഷാകൺട്രോളറുടെ കാര്യാലയം
തിരുവനന്തപുരം - 40
തീയതി :02.07.2009

കെ. ജി. സി. ഇ പരീക്ഷ

സുഗമമായ പരീക്ഷാ നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

കെ. ജി. സി. ഇ (എൻജിനിയറിംങ്) രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സാണ്. ഒന്നാം വർഷം ക്ലാസിൽ ചേരുന്ന എല്ലാ വിദ്യാർത്ഥികളുടേയും രജിസ്ട്രേഷനുള്ള അപേക്ഷ അതാതു വർഷം ഒക്ടോബർ 30 ന് മുൻപ് നിശ്ചിത മാതൃകയിൽ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ കിട്ടിയിരിക്കണം. അപേക്ഷാഫോറം അയയ്ക്കുന്ന കവറിംങ് ലെറ്ററിൽ സ്ഥാപനത്തിന്റെ കോഡ് നമ്പർ, ഓരോ ബ്രാഞ്ചിലേയും വിദ്യാർത്ഥികളുടെ ആകെ എണ്ണം മുതലായവ വ്യക്തമായി കാണിച്ചിരിക്കണം. എസ്. എസ്. എൽ സി ബുക്കിലേയോ / റ്റി. സി യിലേയോ പോലെയായിരിക്കണം കുട്ടിയുടെ പേര്. പേരും ജനനത്തീയതിയും പരിശോധിച്ച് അയയ്ക്കേണ്ട ബാദ്ധ്യത സ്ഥാപന മേലധികാരിക്കാണ്. അല്ലാതെ വരുന്ന അപേക്ഷകൾ കാരണം പഠിതാക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് സ്ഥാപനമേധാവി മാത്രമായിരിക്കും ഉത്തരവാദി. അയച്ചിരിക്കുന്ന അപേക്ഷയിലേതു പോലെയല്ലാതെ വരുന്ന പേര് തിരുത്തലുകൾക്ക് മേലിൽ ഫീസ് ഈടാക്കുന്നതാണ്. അപേക്ഷാഫോറത്തിനോടൊപ്പം എസ്. എൽ സി -യുടെയോ മറ്റ് സർട്ടിഫിക്കറ്റുകളുടെയോ കോപ്പികൾ വയ്ക്കേണ്ടതില്ല. പഠിക്കുന്ന കുട്ടികളുടെ എസ്. എസ്. എൽ സി സർട്ടിഫിക്കറ്റ്, റ്റി സി എന്നിവ കോഴ്സ തീരുന്നതുവരെ ഇൻസ്റ്റിറ്റ്യൂട്ടിൽ പിരശോധനയ്ക്കായി സൂക്ഷിച്ചിരിക്കണം.

എല്ലാ വർഷവും ഫെബ്രുവരി / മാർച്ച് മാസം കെ. ജി. സി. പരീക്ഷാ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കും. ബ്രാഞ്ച് തിരിച്ച് അപേക്ഷകൾ കവറിംങ് ലെറ്റർ വഴി നിഷ്കർഷിച്ചിരിക്കുന്ന സമയത്ത് തന്നെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

മുൻ വർഷം രജിസ്റ്റർ നമ്പർ ലഭിച്ച കുട്ടികൾക്കു മാത്രമേ റഗുലർ ആയി പരീക്ഷ എഴുതുവാൻ അനുവാദമുള്ളു. (ഉദാ: 2008 ജൂണിൽ പരീക്ഷയ്ക്ക് റഗുലറായി എഴുതണമെങ്കിൽ രജിസ്റ്റർ നമ്പർ 87 ൽ തുടങ്ങിയിരിക്കണം) സപ്ലിമെന്റെറി പരീക്ഷ എഴുതുന്ന കുട്ടികൾ അവരുടെ പഴയ രജിസ്റ്റർ നമ്പരും പരീക്ഷാ വർഷവും വ്യക്തമായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

രജിസ്റ്റർ നമ്പർ ലഭിച്ച കുട്ടികളെല്ലാം അടുത്ത വർഷം ഫീസ് അടച്ചെങ്കിൽ മാത്രമേ രജിസ്ട്രേഷൻ നിലനിൽക്കുകയുള്ളു. ഉദാ: 2005 - 2006 ൽ രജിസ്റ്റർ ചെയ്ത 85410200 എന്ന നമ്പർ വാങ്ങിയ കുട്ടി 2006 കെ. ജി. സി. പരീക്ഷയ്ക്ക് ഫീസ് അടച്ചില്ലെങ്കിൽ രജിസ്ട്രേഷൻ നഷ്ടപെടും. അത്തരം കുട്ടികൾ പരീക്ഷയ്ക്ക് ഇരിക്കണമെങ്കിൽ പരീക്ഷാ എഴുതാത്തതിനുള്ള കാരണം കാണിച്ച് അവർ റീ രജിസ്ട്രേഷന് അപേക്ഷിച്ച് കൺട്രോളുടെ അനുവാദം വാങ്ങിയാൽ മാത്രമേ പരീക്ഷയ്ക്ക് ഇരിക്കുവാൻ കഴിയൂ. ഫീസ് അടച്ചശേഷം പരീക്ഷയ്ക്ക് ഹാജരാകാത്ത കുട്ടികൾക്ക് ഇത് ബാധകല്ല..

രജിസ്റ്റർ നമ്പർ ലഭിച്ചിട്ടുള്ള എല്ലാ കുട്ടികളുടേയും ഇന്റേണൽ മാർക്ക് അതാതു വർഷം മാർച്ച് 31 ന് മുൻപ് പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ ലഭിച്ചിരിക്കണം ഇന്റേണൽ മാർക്ക് നൽകിയിരിക്കുന്ന മാതൃകയിൽ ബ്രാഞ്ചിന്റെ അടിസ്ഥാനത്തിൽ ഓരോ പേജിലും ഒപ്പും സീലും ചെയ്തു മാത്രമേ നൽകാവൂ. (2005 – 2007 രജിസ്റ്റർ ചെയ്ത 86380012 എന്ന കുട്ടിയുടെ ഇന്റേണൽ മാർക്ക് 2007 മാർച്ച് 31 ന് മുൻപ് ലഭിച്ചിരിക്കണം)

ഇന്റേണൽ മാർക്ക് നൽകുന്നതിനു നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുകയും രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കുകയും ചെയ്യണം.

പരീക്ഷാ കേന്ദ്രം അനുവദിക്കുന്നത് സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ഒരു സ്ഥാപനത്തിലെ എല്ലാ കുട്ടികൾക്കും ഒരേ പരീക്ഷാ സെന്റർ മാത്രമേ അനുവദിക്കൂ. ഹാൾ ടിക്കറ്റ് തിയറി പരീക്ഷാ കേന്ദ്രത്തിൽ നിന്നും മാത്രമേ ലഭിക്കുകയുള്ളൂ. (പ്രാക്ടിക്കലിനു മാത്രം രജിസ്റ്റർ ചെയ്ത സപ്ലിമെന്റെറി കുട്ടികളും അവർ പഠിച്ച് സ്ഥാപനത്തിലെ റഗുലർ കുട്ടികൾ തിയറി പരീക്ഷ എഴുതുന്ന പരീക്ഷാ കേന്ദ്രത്തിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങേണ്ടതാണ്)

ഇന്റേണൽ മാർക്ക് ഉള്ളതിനാൽ പഠിച്ച സ്ഥാപനത്തിലൂടെ മാത്രമേ പരീക്ഷാ രജിസ്ട്രേഷൻ അനുവദിക്കുകയുള്ളൂ.

ഒന്നിൽ കൂടുതൽ കാര്യങ്ങൾ ഒരുമിച്ച് പരീക്ഷാ കൺട്രോളറുടെ ഓഫീസിലേയ്ക്ക് അയയ്ക്കുമ്പോൾ ഓരോന്നും പ്രത്യേകം കവറിലാക്കി കവറിന്റെ പുറത്ത് വ്യക്തമായി എഴുതി (ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരും കോഡ് നമ്പറും ഉൾപ്പെടെ) എല്ലാം കവറുകളും കൂടെ ഒരു കവറിലിട്ട് അയയ്ക്കേണ്ടതാണ്.

ഒരേ സ്ഥാപനത്തിന് രണ്ട് കോഡ് നമ്പർ ലഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അറിയച്ച് ഒരു നമ്പർ കുറവ് ചെയ്യേണ്ടതാണ്. സ്ഥാപനത്തിന്റെ പേര് മാറ്റുമ്പോഴും അഫിലിയേഷൻ പുതുക്കുമ്പോഴും വിവരം പരീക്ഷാ കൺട്രോളറെ അറിയിക്കേണ്ടതാണ്.

പെർമനന്റ് രജിസ്റ്റർ നമ്പറിനുള്ള അപേക്ഷ അതാത് വർഷം ഒക്ടോബർ 30 ന് മുമ്പ് ഈ ഓഫീസിൽ ലഭിച്ചിരിക്കണം. ഒക്ടോബർ 30ന് ശേഷം കിട്ടുന്ന അപേക്ഷകൾ ഒരു കാരണവശാലും രജിസ്ട്രേഷന് വേണ്ടി പരിഗണിക്കുന്നതല്ല. ഇക്കാരണംകൊണ്ട് പഠിതാക്കൾക്ക് വന്നുചേരുന്ന ബുദ്ധിമുട്ടുകൾക്ക് സ്ഥാപനത്തിലെ മാനേജർ/പ്രിൻസിപ്പിൾ എന്നിവർ ഉത്തരവാദികളായിരിക്കുന്നതാണ്.

താമസിച്ചുകിട്ടുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

K P AJAYAKUMAR
ജോയിന്റ് കൺട്രോളർ